File No.LSGD-EPA1/240/2021-LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം-പഞ്ചായത്ത് വകുപ്പ്-ജീവനക്കാര്യം-എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.അശോക് കുമാർ.കെ യുടെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.2370/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/11/2021

പരാമർശം:- 1. എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 27.01.2021 ലെ DDP-EKM-130/2021/E5 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 25.10.2021 ലെ ഇ6-12885/21നമ്പർ കത്ത്.

ഉത്തരവ്

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.അശോക് കുമാർ.കെ യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നല്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. ശ്രീ.അശോക് കുമാർ.കെ 15.06.2001 ൽ പഞ്ചായത്ത് വകുപ്പിൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ചു. നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം.ഒ.പി പരീക്ഷ വിജയിയ്ക്കാത്തതിനാൽ ടിയാന് എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 18 ദിവസത്തെ ഡയസ്നോൺ ഉൾപ്പെടെ 03.07.2003 മുതൽ ഒരു വർഷത്തേക്ക് പരാമർശം(1) പ്രകാരം പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകിയിരുന്നു. 13.01.2009 ൽ ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 14.01.2009ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 15.01.2009 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്നാണ് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തിരിയ്ക്കുന്നത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശ കത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ.അശോക് കുമാർ.കെ യുടെ പ്രൊബേഷൻ കാലയളവ് ടിയാൻ എം.ഒ.പി പരീക്ഷ വിജയിച്ച 13.01.2009 ന്റെ തൊട്ടടുത്ത ദിവസമായ 14.01.2009 FN ന് ടിയാന്റെ ക്ലാർക്ക് തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 03.07.2004 മുതൽ 15.01.2009 AN വരെ കെ.എസ് & എസ്.എസ്.ആർ, ജനറൽ റൂൾ 2 1 പ്രകാരം

പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷൈജ സി ജി
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത്, എറണാകുളം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം.

കൂടുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(ഫയൽ നമ്പർ 240/ഇപിഎ1/2021/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ